# മാർക്ക്: 7, 1–13

ആരാധനക്രമവത്സരത്തിലെ വിളവെടുപ്പിന്റെ കാലമായ കൈത്താക്കാലം നാലാം ഞായറാഴ്ചയായ ഇന്ന് നമ്മിൽ ഓരോരുത്തരിൽ നിന്നും സഭാമാതാവ് പ്രതീക്ഷിക്കുന്നത് കപടതയില്ലാത്ത ജീവിതം നയിച്ചുകൊണ്ട് ആന്തരിക വിശുദ്ധിയിൽ വളരുന്നവരായ് കാണുവാനാണ്. യേശു തന്റെ ജറുസലെമിലേയ്ക്കുള്ള യാത്രാ മധ്യേ ഗനേസർ ദേശത്ത് ഒരു വിരുന്നിൽ സംബന്ധിക്കുമ്പോഴാണ് പ്രീശരുടെയും നിയമജ്ഞരുടെയും കപടതെപ്പറ്റി സംസാരിക്കുന്നത്. യേശുവിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് അന്വോഷിക്കുക എന്ന ലക്ഷ്യത്തോടെ ഗലീലിയിൽ നിന്നുള്ള പ്രീശരും, ജറസലേമിൽ നിന്നുള്ള നിയമജ്ഞരും അവനെ സമീപിക്കുന്നതാണ് നാം ഇവിടെ കാണുന്നത്. യേശുവും ശിഷ്യരും വിരുന്നിൽ കൈകഴുകാതെ അപ്പം ഭക്ഷിക്കുന്നതു കണ്ട് ഫരിസേയരും നിയമജ്ഞരും അവർ പൂർവ്വികരുടെ പാരമ്പര്യം കാക്കുകയോ നിയമം പാലിക്കുകയോ ചെയ്യുന്നില്ലെന്ന് സ്ഥാപിക്കാൻ ശ്രമിക്കുന്നു.

ഭക്ഷണത്തിനു മുമ്പുള്ള സാധാരണ കൈകഴുകലല്ല ഇവിടെ പരാമർശിക്കുന്നത്, മറിച്ച് അനുഷ്ഠാന പ്രകാരമുള്ള കൈകഴുകലാണ്. അരുദിനജീവിത ദൗത്യങ്ങൾ പൂർത്തിയാക്കുന്നതുതന്നെ ഒരാളെ അശുദ്ധനാക്കി മാറ്റുമെന്ന് യഹൂദർ കരുതിയിരുന്നു. കൈയ്യിൽ പലപ്രാവശ്യം വെള്ളം ഒഴിച്ചാണ് ഈ അശുദ്ധി നീക്കിയിരുന്നത്. ബാഹ്യക്ഷാളനത്തിനും നിയമാനുഷ്ഠാനങ്ങൾക്കും പ്രാധാന്യം കൊടുത്തവരായിരുന്നു യഹൂദർ.

ബാബിലോൺ പ്രവാസത്തിനുശേഷം യഹൂദറബ്ബിമാർ ജനത്തിന്റെ അനുദിന ജീവിത വ്യാപരങ്ങളോടനുബന്ധിച്ച് വളരെ സൂക്ഷമമായ നിയമങ്ങൾ ഉണ്ടാക്കി അവയെ പൂർവ്വിക പാരമ്പര്യത്തിൽ ഉൾപ്പെടുത്തി മിഷ്ണ എന്നു വിളിക്കാൻ തുടങ്ങി. മനസ്സ് ശുദ്ധമല്ലാത്തവർ കൈ ശുദ്ധമല്ലാത്തവരെ വിധിക്കുകയും അപഹസിക്കുകയും ചെയ്യുന്നതുകണ്ട് കർത്താവ് ശക്തമായി പ്രതികരിക്കുന്നു. ഏശയ്യാ പ്രവാചകന്റെ വാക്യം ഉദ്ധരിച്ചുകൊണ്ട് പൂർവ്വിക പാരമ്പര്യങ്ങൾ മനുഷ്യരുടെ നിയമങ്ങളാണെന്നും, ദൈവീക നിയമങ്ങൾ അല്ലെന്നും, ഇവതമ്മിൽ വ്യക്തമായ അകൽച്ചയുണ്ടെന്നും പഠിപ്പിക്കുന്നു.

പാരമ്പര്യത്തെമാത്രം മുറുകെ പിടിക്കുന്നവർ അധരം കൊണ്ട് മാത്രം സ്തുതിക്കുന്നവരാണ്. എന്നാൽ ദൈവവചനത്തെ അനുസരിക്കുന്നവർ ഹൃദയംകൊണ്ട് ആരാധിക്കുന്നവരാണെന്നും യേശു പഠിപ്പിക്കുന്നു. ശുദ്ധിയെയും അശുദ്ധിയെയുംപറ്റിയുള്ള യഹൂദവിശ്വാസത്തെ യേശു ഇവിടെ തിരുത്തുകയാണ്. അശുദ്ധഹൃദയത്തിൽ നിന്നാണ് അശുദ്ധിയുണ്ടാകുന്നതെന്നും, ബാഹ്യനിയമങ്ങളുടെ ലംഘനം ഒരാളെ ദൈവസന്നിധിയിൽ അയോഗ്യനാക്കി തീർക്കുന്നില്ലെന്നും, ഒരുവന്റെ പാപത്തിന്റെ ഫലമാണ് ശിക്ഷാവിധിയെന്നും യേശു നമ്മെ ഓർമ്മപ്പെടുത്തുന്നു.

നമ്മുടെ ആദ്ധ്യാത്മിക ജീവിതത്തിലെ ഏറ്റവും വലിയ അപകടം ആത്മാർത്ഥതയില്ലായ്മയാണ്. കാപട്യത്തെക്കാൾ വലിയ തിന്മയില്ല. യൂദാസ് ചരിത്രത്തിലെ ഏറ്റവും വലിയ തിന്മയുടെ പ്രതിനിധിയായത് അവൻ കർത്താവിനെ ചുമ്പനം കൊണ്ട് ഒറ്റി കൊടുത്തതുകൊണ്ടാണ്. കാരണം അഗാധസ്നേഹത്തിന്റെ പ്രതീകമായ വിശുദ്ധചുംമ്പനം യൂദാസ് ഗുരുവിന് സമ്മാനിച്ചത് കപടതയോടെയാണ്.

നമ്മുടെ ആത്മീയ ജീവിതം കാപട്യം നിറഞ്ഞതാണോ എന്ന് നമ്മുക്ക് ആത്മ പരിശോ

ധനചെയ്യാം. മറ്റുള്ളവരുടെ പരിമിതികളും അബദ്ധങ്ങളും കൃത്യമായി കണ്ടുപിടിക്കാനും, അവ പരസ്യമാക്കുകയും ചെയ്യാൻ നമ്മുക്ക് എന്ത് ചാതുര്യമാണ്. നമ്മുടെ ഭാഗം ശരിയാണെന്നും ഉചിതമാണെന്നും നമ്മൾ സ്ഥാപിക്കാൻ ശ്രമിക്കുന്നു. സൂക്ഷിച്ചു നോക്കിയാൽ നമ്മുടെ ജീവിത്തിലും വാക്കും പ്രവർത്തിയും തമ്മിലുള്ള വൈരുദ്ധ്യങ്ങൾ കാണാം. അത് ആദർശ വ്യക്തിത്വവും യഥാർത്ഥവ്യക്തിത്വവം തമ്മിലുള്ള ഏറ്റുമുട്ടലാണ്. വിശ്വസിക്കുകയും ഏറ്റുപറയുകയും ചെയ്യുന്ന കാര്യങ്ങളും, ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന കാര്യങ്ങളും തമ്മിലുള്ള പൊരുത്തക്കേടാണത്. ദൈവത്തെ മറക്കുന്ന മതവും, ജീവിത്തെ മറക്കുന്ന ഭക്താനുഷ്ഠാനങ്ങളും, അയൽക്കാരുടെ ആവശ്യങ്ങൾ കാണാത്ത ജീവിതസമൃദ്ധിയും, കുടുംബാഗംങ്ങളുടെ സങ്കടങ്ങൾ മനസ്സിലാക്കാത്ത ദൈവഭക്തിയുമാ ഇന്നിന്റെ കാപട്യം. ഓർക്കുക എന്ന് നാം ദൈവകല്പനകളുടെ സാരം മറന്ന് മാനുഷിക നിയമങ്ങളിലും പാരമ്പര്യങ്ങളിലും നമ്മുടെ ജീവിതം അടിയറവ് വച്ചോ, അന്ന് നാം കാപട്യജീവിതം ആരംഭിച്ചു കഴിഞ്ഞു. ദൈവം നല്കിയ കല്പനകളുടെ സാരം സ്നേഹിക്കുക എന്നതാണ്, അതുമാത്രമാണ്. അതിനാൽ നമ്മുടെ സ്വാർത്ഥതയെ ദരീകരിച്ച്, നമ്മുക്ക് പരസ്പരം സ്നേഹിക്കുന്നവരാകാം. അപ്പോൾ കാപട്യം താനേ ഇല്ലാതായ്കൊള്ളും. അതിനായ് നമ്മുടെ ഹൃദയങ്ങളെ ഒരൂക്കാം. യഹൂദപ്രമാണികളെ നിശിതമായി വിമർശിച്ച കർത്താവിന്റെ വചനം നമ്മെ ശുദ്ധീകരിക്കട്ടെ.

**ഡീ.ജോസഫ് പൊരിമറ്റത്തിൽ**